I ഇ.ബി. XIV - കേരള നിയമസഭ/II-5

## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 സെപ്റ്റംബർ 30, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### I അറിയിപ്പ്

### ഇന്ത്യൻ സൈന്യത്തിന് അഭിനന്ദനം

മി. സ്പീക്കർ: രാജ്യാതിർത്തിയിൽ ത്യാഗനിർഭരവും രക്തരൂക്ഷിതവുമായ പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന ഇന്ത്യൻ സൈനിക സമൂഹത്തോട് സഭയുടെ വികാരമറിയിക്കുന്നതിനും അഭിനന്ദനമറിയിക്കുന്നതിനുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു പ്രമേയം അവതരിപ്പിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 'ഇന്ത്യ-പാക്കിസ്ഥാൻ അതിർത്തിക്കപ്പുറത്തുനിന്നുള്ള ഭീകരാക്രമണങ്ങളെ ചെറുക്കാൻ ഇന്ത്യൻ സൈന്യം കഴിഞ്ഞദിവസം കൈക്കൊണ്ട നടപടികൾക്ക് ഈ നിയമസഭ സർവ്വവിധ പിന്തുണയും പ്രഖ്യാപിക്കുന്നു. നാടിനേയും ജനങ്ങളെയും സംരക്ഷിക്കാൻ കൈക്കൊണ്ട നടപടികൾ മുൻനിർത്തി ഈ സഭ ഇന്ത്യൻ സൈന്യത്തെ അഭിനന്ദിക്കുന്നു. സംഘർഷാന്തരീക്ഷം കൂടുതൽ രൂക്ഷമാകുന്നത് ഒഴിവാക്കുംവിധം നയതന്ത്ര തലത്തിലും രാഷ്ട്രീയ തലത്തിലുമുള്ള പ്രശ്നപരിഹാര ശ്രമങ്ങൾ മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. പഠാൻകോട്ടും ഉറിയിലും ഉണ്ടായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രതാപൂർണ്ണമായ നിലപാട് കൈക്കൊള്ളുമ്പോൾ തന്നെ പ്രശ്നപരിഹാര ശ്രമങ്ങൾക്കായുള്ള നയതന്ത്ര നീക്കങ്ങൾ തുടരുകയും ചെയ്യേണ്ടതുണ്ടെന്ന് ഈ സഭ ഒന്നടങ്കം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു' എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിക്കുന്നു. ഭീകരപ്രവർത്തനം നടത്തിവരുന്ന പാക്കിസ്ഥാന് ശക്തമായ മറുപടിയാണ് ഇന്ത്യൻ സൈന്യം ഇന്നലെ നൽകിയത്. ഒരു പരിക്കുപോലും ഏൽക്കാതെ അതിസാഹസികവും വിദഗ്ദ്ധവുമായി ഓപ്പറേഷൻ നടത്തി രാജ്യത്തിന്റെ അഭിമാനവും ശക്തിയും തെളിയിച്ച ഇന്ത്യൻ സൈന്യത്തെ

ഹാർദ്ദമായി അനുമോദിക്കുന്നു. പുതിയ ആക്രമണങ്ങൾക്കുള്ള പാക്കിസ്ഥാൻ നീക്കത്തെ മുൻകൂട്ടിക്കണ്ട് ഇന്ത്യ നടത്തിയ ചെറുത്തുനിൽപ്പ് പ്രശംസനീയമാണ്. ലോക നയതന്ത്ര രംഗത്ത് ഒറ്റപ്പെട്ടുകൊണ്ടിരിക്കുന്ന പാക്കിസ്ഥാന്റെ ഭീകര ക്യാമ്പുകൾ അടച്ചുപൂട്ടണം.

ശ്രീ. ഒ. രാജഗോപാൽ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം ജനപിന്തുണ അർഹിക്കുന്ന നിലപാട് സ്വീകരിച്ച ഇന്ത്യൻ സൈനികരെ അനുമോദിക്കുന്നു.

പ്രമേയം ഐകകണ്ഠ്യേന സഭ പാസ്സാക്കി.

## II അടിയന്തരപ്രമേയം

### സ്വാശ്രയ മെഡിക്കൽ പ്രവേശനം

മി. സ്പീക്കർ: സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അഡ്മിഷൻ നടപടികൾ അവസാന ഘട്ടത്തിലെത്തിനിൽക്കുമ്പോൾ പല കോളേജുകളും ഗവൺമെന്റിന്റെ പിന്തുണയോടെ തലവരിപ്പണം ഈടാക്കുന്നതായി വ്യാപകമായ പരാതി ഉയരുന്നതുമൂലവും, സുപ്രീം കോടതി വിധി പ്രകാരം അഡ്മിഷൻ പൂർത്തിയാക്കാത്ത സീറ്റുകളിൽ കേന്ദ്രീകൃത കൗൺസിലിംഗ് ഏർപ്പെടുത്താൻ തയ്യാറാകാതെ സ്വകാര്യ മാനേജ്മെന്റിന് വിദ്യാഭ്യാസക്കൊള്ള നടത്താൻ

ഗവൺമെന്റ് കൂട്ടുനിൽക്കുന്നതുമൂലവും സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി.ടി ബൽറാം, പി. ബി. അബ്ദുൽ റസ്സാക്ക് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): 20 സ്വാശ്രയ മെഡിക്കൽ കോളേജുകളെ സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിന് എഗ്രിമെന്റ് ഒപ്പിടുകയും നിബന്ധനകൾക്കു വിധേയമായി അലോട്ട്മെന്റ് നടത്തുന്നതിനും മെറിറ്റ് സീറ്റ് ഗവൺമെന്റിന് വിട്ടുതരുന്നതിനും നടപടി സ്വീകരിച്ചതിലൂടെ കൂടുതൽ മെറിറ്റ് സീറ്റ് ലഭിച്ചുവെന്ന വസ്തുത വിസ്മരിക്കരുത്. സർക്കാരുമായി കരാർ ഒപ്പിട്ട സ്വാശ്രയ കോളേജുകളുടെ അലോട്ട്മെന്റ് അവസാനിച്ച സാഹചര്യത്തിൽ സുപ്രീം കോടതി വിധിപ്രകാരം ശേഷിക്കുന്ന ഒഴിവുള്ള മെറിറ്റ് സീറ്റുകളിലേയ്ക്ക് സർക്കാർ ഏകീകൃത അലോട്ട്മെന്റ് നടത്തുന്നതാണ്. സർക്കാർ ഏറ്റെടുത്തിട്ടുള്ള 50% മെറിറ്റ് സീറ്റിലേയ്ക്കും ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലേയ്ക്കുമുള്ള അലോട്ട്മെന്റ് നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ അലോട്ട്മെന്റ് ലിസ്റ്റ് എൻട്രൻസ് കമ്മീഷണർ പരിശോധിച്ച് ഒഴിവുള്ള സീറ്റുകളിലേയ്ക്ക് സർക്കാർ അലോട്ട്മെന്റ് നടത്തുന്നതാണ്. എന്നാൽ സർക്കാരുമായി

എഗ്രിമെന്റ് ഒപ്പിടാത്ത മൂന്ന് കോളേജുകൾക്ക് പത്ത് ലക്ഷം രൂപ ഫീസ് വാങ്ങി അലോട്ട്മെന്റ് നൽകാൻ ഹൈക്കോടതി അനുവാദം നൽകിയെങ്കിലും അലോട്ട്മെന്റ് സുതാര്യമല്ലെന്ന് കണ്ടതിനാൽ രണ്ട് കോളേജുകൾ നടത്തിയിട്ടുള്ള അലോട്ട്മെന്റ് റദ്ദാക്കുന്നതിനും ഗവൺമെന്റ് ഏകീകൃത അലോട്ട്മെന്റ് നടത്തുന്നതിനും ജെയിംസ് കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അവസാനഘട്ടത്തിൽ അംഗീകാരം ലഭിച്ച കെ.എം.സി.റ്റി.-ക്ക് പത്ത് ലക്ഷം രൂപ വീതം ഫീസ് വാങ്ങി അലോട്ട്മെന്റ് നടത്താൻ ഹൈക്കോടതി അനുവാദം നൽകിയതിനെതിരെ ഗവൺമെന്റ് സുപ്രീം കോടതിയെ സമീപിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. സ്വാശ്രയ മാനേജ്മെന്റുകൾ തലവരിപ്പണം വാങ്ങിയിട്ടുണ്ടെന്ന് തെളിഞ്ഞാൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി സഭയിൽ ഉറപ്പുനൽകിയിട്ടുണ്ട്. ജെയിംസ് കമ്മിറ്റി മുമ്പാകെ ലഭിച്ചിട്ടുള്ള പരാതികൾ വിശദമായി പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അഡ്മിഷനുമായി ബന്ധപ്പെട്ട് റീഫണ്ടബിൾ ഡെപ്പോസിറ്റും ബാങ്ക് ഗ്യാരന്റിയും വാങ്ങാമെന്നത് സുപ്രീം കോടതി വിധിയിൽ പരാമർശിച്ചിട്ടുണ്ട്.

<u>ശ്രീ. വി. ടി. ബൽറാം</u>: സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അഡ്മിഷനുമായി ബന്ധപ്പെട്ട് മാനേജ്മെന്റുകൾ തലവരിപ്പണം വാങ്ങുന്നുവെന്ന് മന്ത്രിതന്നെ സഭയിൽ സമ്മതിച്ചിരിക്കുകയാണ്. സ്വാശ്രയ കരാറിൽ

ഒപ്പിടുന്നതോടുകൂടി ഗവൺമെന്റ് മേഖലയിൽ ചുരുങ്ങിയ ഫീസ് കൊടുത്ത് വിദ്യാർത്ഥികൾക്ക് മെരിറ്റ് സീറ്റിൽ പഠിക്കാമെന്ന വാദഗതി തെറ്റാണ്. സ്വാശ്രയ മാനേജ്മെന്റുകൾക്കുവേണ്ടി പണം പിരിച്ചുനൽകുന്ന പ്രത്യേക ഏജൻസി ഇപ്പോൾ നിലവിലുണ്ട്. കോളേജുകൾ ക്യാപിറ്റേഷൻ ഫീ വാങ്ങുന്നതായി പത്രവാർത്ത വന്നിരിക്കുകയാണ്. സർക്കാരും മാനേജ്മെന്റുകളും തമ്മിൽ ഒപ്പുവച്ച കരാറിനെക്കുറിച്ചുള്ള പരാതി ജെയിംസ് കമ്മിറ്റി മുമ്പാകെ ഇല്ലെന്നാണ് മന്ത്രിയുടെ വെളിപ്പെടുത്തൽ. അഡ്മിഷൻ പ്രോസസിനെ അട്ടിമറിക്കുന്നുവെന്ന പരാതികളാണ് വിദ്യാർത്ഥികൾ ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്. ജയിംസ് കമ്മിറ്റിയെക്കൊണ്ട് ഒരു കേസിൽപ്പോലും നടപടി സ്വീകരിക്കാൻ അനുവദിക്കാതെ കമ്മിറ്റി പിരിച്ചുവിടുമെന്ന വാർത്തയാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. സഭയിലെ 5 അംഗങ്ങളുടെ സമരം പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചുചേർത്ത യോഗത്തിൽ മുഖ്യമന്ത്രി മാത്രം പങ്കെടുക്കാത്തത് ഖേദകരമാണ്. ഇപ്പോഴും പ്രശ്നപരിഹാരത്തിനായുള്ള ഒരു നിർദ്ദേശംപോലും മുന്നോട്ടുവയ്ക്കാൻ മുഖ്യമന്ത്രി തയ്യാറാകുന്നില്ല. ഈ കരാർ കൊണ്ട് ഏറ്റവും കൂടുതൽ സാമ്പത്തിക ലാഭമുണ്ടാകുന്നത് പരിയാരം മെഡിക്കൽ കോളേജിനാണ്. 20 സ്വാശ്രയ മെഡിക്കൽ കോളേജുകളിലായി ഏതാണ്ട് 30 കോടി രൂപയുടെ അഴിമതിയാണ് നടന്നിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ

നിർത്തിവച്ച് ചർച്ച ചെയ്യണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ക്യാപിറ്റേഷൻ ഫീ വാങ്ങരുതെന്ന കർശന നിർദ്ദേശത്തോടുകൂടിയാണ് ഈ സർക്കാർ 20 സ്വാശ്രയ മെഡിക്കൽ കോളേജുകളുമായി കരാർ ഒപ്പിട്ടത്. ക്യാപിറ്റേഷൻ ഫീ ആരെങ്കിലും വാങ്ങിയിട്ടുണ്ടോയെന്ന് പരിശോധിച്ചുവരികയാണ്. സർക്കാരിന് അത്തരത്തിലുള്ള ഒരു പരാതിയും ലഭിച്ചിട്ടില്ല. എന്തെങ്കിലും തെളിവുകൾ ഉണ്ടെങ്കിൽ സർക്കാരിന് കൈമാറിയാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. മെഡിക്കൽ സീറ്റുകൾ വർദ്ധിച്ചതിൽ ഈ സർക്കാരിന് പങ്കില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് സർക്കാരുമായി കരാർ ഒപ്പുവയ്ക്കാതെ ആറ് മെഡിക്കൽ കോളേജുകൾ തോന്നിയ രീതിയിൽ ഫീസും ക്യാപിറ്റേഷൻ ഫീയും വാങ്ങിയത്. ഇന്നലെവരെ നടന്ന അഡ്മിഷനിൽ ഏതെങ്കിലും തരത്തിലുള്ള അഴിമതി നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി ഇന്നലെ രാത്രി ജെയിംസ് കമ്മിറ്റി യോഗം ചേർന്നിരുന്നു. സർക്കാരുമായി കരാർ ഒപ്പുവയ്ക്കാതെ മാറിനിന്ന മൂന്ന് കോളേജുകൾ ക്യാപിറ്റേഷൻ ഫീ വാങ്ങുന്നതിനെ തടസ്സപ്പെടുത്താൻ സർക്കാർ തീരുമാനമെടുക്കുകയും കോളേജുകൾക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് പരിശോധിച്ചുവരികയുമാണ്. 20 സ്വാശ്രയ മെഡിക്കൽ കോളേജുകളെ നിലയ്ക്കുനിർത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. ക്യാപിറ്റേഷൻ

ഫീ വാങ്ങാനുള്ള അവസരം ഇല്ലാതാക്കുകയും മെരിറ്റ് സീറ്റിന്റെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു. സെപ്തംബർ 30-ന് മെഡിക്കൽ അലോട്ട്മെന്റ് പ്രോസ്സസ് പൂർത്തിയാകുമ്പോൾ അലോട്ട്മെന്റിന്റെ കാര്യത്തിൽ ഇതുവരെയില്ലാത്ത കൃത്യതയുണ്ടായെന്ന് ജനങ്ങൾക്ക് ബോധ്യപ്പെടും. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കൂടുതൽ കുട്ടികൾക്ക് മെരിറ്റ് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഏറ്റവും നല്ല കരാറാണ് സ്വാശ്രയ മാനേജ്മെന്റുമായി ഈ ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ളത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബഹുമാനപ്പെട്ട സ്പീക്കർ ഇന്നലെ ഒരു യോഗം വിളിച്ചുവെന്ന് പത്രവാർത്തയിലൂടെയാണ് അറിഞ്ഞത്. ആ യോഗത്തിന് മുഖ്യമന്ത്രിയെന്ന നിലയ്ക്ക് എന്നെ ക്ഷണിക്കുകയോ വിവരം അറിയിക്കുകയോ ചെയ്തിട്ടില്ല. ക്യാപിറ്റേഷൻ ഫീ വാങ്ങിയെന്ന ഇന്നത്തെ പത്രവാർത്തയിൽ എന്തെങ്കിലും സത്യാവസ്ഥയുണ്ടോയെന്ന് പരിശോധിക്കാൻ വിജിലൻസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ക്യാപിറ്റേഷൻ ഫീ വാങ്ങിയെന്നതിന് തെളിവുണ്ടെങ്കിൽ അത് ലഭ്യമാക്കിയാൽ വിജിലൻസിന് കൈമാറാൻ സർക്കാർ സന്നദ്ധമാണ്. ആരെങ്കിലും ക്യാപിറ്റേഷൻ ഫീ വാങ്ങിയാൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. താമസിയാതെ പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതാണ്. സുപ്രീം കോടതിവിധിക്ക് വ്യത്യസ്തമായ നിലപാട്

സ്വീകരിക്കുന്ന കോളേജിനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. കുട്ടികളുടെയും നാടിന്റെയും ഭാവി സംരക്ഷിക്കത്തക്ക നിലപാടുതന്നെയാണ് ഈ കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചുവെങ്കിലും അതിന്റെ നടപടി പൂർത്തിയാക്കാൻ സാധിച്ചില്ല. ഈ സർക്കാർ അത് ഏറ്റെടുക്കാൻ തീരുമാനിച്ചത് വളരെ നല്ല കാര്യമാണ്. മറ്റ് കോളേജുകളിൽനിന്ന് വ്യത്യസ്തമായ ഫീസ് സ്ട്രക്ച്ചറായിരുന്നു പരിയാരം മെഡിക്കൽ കോളേജിനുണ്ടായിരുന്നത്. ഈ വർഷവും എൻ.ആർ.ഐ. സീറ്റിലും മാനേജ്മെന്റ് സീറ്റിലും കുറഞ്ഞ ഫീസാണ് നിശ്ചയിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിലെല്ലാം പരിയാരം മെഡിക്കൽ കോളേജിന്റെ മാനേജ്മെന്റുകൂടി എഗ്രി ചെയ്തുകൊണ്ടുള്ള കുറഞ്ഞ ഫീസാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ ഇപ്രാവശ്യം ഗവൺമെന്റ് മെരിറ്റ് സീറ്റിൽ ഒരു ലക്ഷം രൂപ വർദ്ധിപ്പിച്ചതിനാൽ കുട്ടികൾ അപേക്ഷിക്കാത്ത സ്ഥിതിയാണുള്ളത്. ഈ വർഷം ചേരുന്ന കുട്ടികൾക്ക് അടുത്ത അഞ്ചുവർഷവും വർദ്ധിപ്പിച്ച ഫീസ് കൊടുക്കേണ്ടിവരും. അത് പിൻവലിക്കാൻ തയ്യാറാകണം. ഈ വർഷം സർക്കാർ കോളേജ് ഏറ്റെടുത്താലും കുറഞ്ഞ ഫീസ് ഇപ്രാവശ്യത്തെ അലോട്ടുമെന്റിന്

കൊടുക്കാൻ സാധിക്കുകയില്ല.

ശ്രീ. പിണറായി വിജയൻ: പരിയാരം മെഡിക്കൽ കോളേജിനെ സർക്കാർ ഏറ്റെടുത്താൽ രണ്ട് തരത്തിലുള്ള ഫീസ് സ്ട്രക്ച്ചർ ഉണ്ടാകില്ല. ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുമ്പോൾ അതിനെക്കുറിച്ച് ആലോചിക്കാം. മുൻകാലങ്ങളിലെടുത്ത നിലപാടുകളുടെ ഫലമായി പരിയാരം മെഡിക്കൽ കോളേജിന്റെ ബാധ്യത വർദ്ധിച്ചതിനെത്തുടർന്ന് അതിന്റെ നടത്തിപ്പുമായി മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥയുണ്ടായിരിക്കുകയാണ്. പരിയാരം മെഡിക്കൽ കോളേജിലെ മെരിറ്റ് സീറ്റുകളിലും മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ മെരിറ്റ് സീറ്റുകളിലും ഏർപ്പെടുത്തിയിരിക്കുന്ന ഫീസ് നിരക്കിൽ വ്യത്യാസമില്ല. പരിയാരം മെഡിക്കൽ കോളേജിലെ മെരിറ്റ് സീറ്റിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫീസിൽ കുറവ് വരുത്തുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല. കഴിയുന്നത്ര വേഗത്തിൽ പരിയാരം മെഡിക്കൽ കോളേജിനെ സർക്കാർ ഏറ്റെടുക്കുന്നതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

മി. സ്പീക്കർ : സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിൽ ചില അംഗങ്ങൾ പരാമർശങ്ങൾ നടത്തിയിട്ടുണ്ട്. നിയമസഭാ കവാടത്തിൽ നടക്കുന്ന സാമാജികരുടെ സമരം അവസാനിപ്പിക്കുന്നതിനും

പ്രശ്നപരിഹാരത്തിനുമായി ചെയറിന്റെ ഭാഗത്തുനിന്നും കൂടിയാലോചനകൾ നടന്നിട്ടുണ്ട്. ഇരുവിഭാഗങ്ങളുമായി നടന്ന കൂടിയാലോചനകളിൽ സമവായം സാധ്യമായില്ലെന്ന് സഭയെ അറിയിച്ചിട്ടുണ്ട്. കക്ഷി നേതാക്കളുടെ യോഗം വിളിക്കുകയോ മുഖ്യമന്ത്രിയെ ക്ഷണിക്കുകയോ ചെയ്തിട്ടില്ല. എല്ലാ കക്ഷി നേതാക്കൾക്കും അത് അറിയാവുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സ്വാശ്രയ വിഷയവുമായി ബന്ധപ്പെട്ട് തികച്ചും നിഷേധാത്മകമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയെ സമീപിച്ചിരുന്നുവെങ്കിൽ ഗവൺമെന്റിന് അനുകൂലമായ വിധി ലഭിക്കുമായിരുന്നു. സ്വാശ്രയ മാനേജ്മെന്റുകളുമായി ഗവൺമെന്റ് നടത്തിയ കൂട്ടുകച്ചവടത്തിന്റെ ഭാഗമായാണ് സുപ്രീംകോടതിയെ സമീപിക്കാതിരുന്നത്. സെപ്തംബർ 28-നകം ഒഴിവുള്ള സീറ്റുകൾ റിപ്പോർട്ട് ചെയ്യാതെ മാനേജ്മെന്റുകൾ ഗവൺമെന്റിനെ വെല്ലുവിളിക്കുകയാണ്. ജെയിംസ് കമ്മിറ്റിക്ക് മുമ്പാകെ ലഭിച്ച 1300-ഓളം പരാതികൾക്ക് പരിഹാരമുണ്ടാക്കുന്നതിന് സാധിച്ചിട്ടില്ല. പരിയാരം മെഡിക്കൽ കോളേജിന് വലിയ തോതിലുള്ള സാമ്പത്തിക നഷ്ടം ഉണ്ടാക്കിയതിന്റെ ഉത്തരവാദിത്വം ഗവേണിംഗ് കമ്മിറ്റിക്കാണ്. സ്വാശ്രയ മാനേജ്മെന്റുകൾ വൻതോതിൽ തലവരിപ്പണം വാങ്ങുന്നുവെന്ന പരാതി അന്വേഷിക്കണം. പരിയാരം

സഹകരണ മെഡിക്കൽ കോളേജിലെ ഫീസ് വർദ്ധനവ് സ്വാശ്രയ മാനേജ്മെന്റുകൾക്ക് പ്രചോദനം നൽകിയിരിക്കുകയാണ്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസം അപ്രാപ്യമാകുന്ന സ്ഥിതിവിശേഷമാണുള്ളത്. യു.ഡി.എഫ്. എം.എൽ.എ.മാർ നടത്തുന്ന നിരാഹാര സമരത്തെ സർക്കാർ അവഗണിക്കുകയാണ്. ഈ വിഷയത്തിന്മേലുള്ള സർക്കാരിന്റെ നിഷേധാത്മകമായ നിലപാടിനെതിരെ ശക്തമായ പ്രക്ഷോഭവുമായി മുന്നോട്ടുപോകും. ഗവൺമെന്റിന്റെ ഇത്തരം നിലപാടിനെതിരെ സഭയിലിരുന്ന് പ്രതിഷേധിക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

(സർക്കാർ നിലപാടിനെതിരെ ശ്രീ. കെ.എം. മാണി പ്രസ്താവന നടത്തുകയും തന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളോടൊപ്പം സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോകുകയും ചെയ്തു.)

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരിക്കുകയും ബഹു. സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനത്തിലേയ്ക്ക് കടക്കുകയും ചെയ്തു.)

## III ശ്രദ്ധക്ഷണിക്കൽ

### ഇതരസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന കേരളീയരുടെ പ്രശ്നങ്ങൾ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഇതരസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന

കേരളീയർ അഭിമുഖീകരിക്കുന്ന യാത്രാദുരിതമുൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വൻനഗരങ്ങളിൽ നോർക്കയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഉദ്യോഗസ്ഥരെ അവിടെനിന്നുതന്നെ റിക്രൂട്ട് ചെയ്യുന്നതിനും മറുനാടൻ മലയാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിനും മുംബൈയിലെ കേരളഹൗസ് ഹാൾ മലയാളി സംഘടനകൾക്ക് കുറഞ്ഞ വാടകയ്ക്ക് നൽകുന്നതിനും മലയാളം മിഷന്റെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇതരസംസ്ഥാനങ്ങളിൽ തൊഴിലെടുക്കുന്ന കേരളീയർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ദീർഘവീക്ഷണത്തോടെയുള്ള പരിപാടികളാണ് സ്വീകരിച്ചുവരുന്നത്. സാന്ത്വനം പദ്ധതിപ്രകാരം ചികിത്സാധനസഹായവും പ്രവാസിക്ഷേമ ബോർഡിൽ അംഗങ്ങളായവർക്ക് അനുവദനീയമായ ആനുകൂല്യങ്ങളും മൃതശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ആശ്വാസധനസഹായവും നൽകിവരുന്നുണ്ട്. പ്രവാസി തിരിച്ചറിയൽ കാർഡുമുഖേന ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിലുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളിൽ അകപ്പെടുന്ന മലയാളികളെ സംരക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. യാത്രാപ്രശ്നങ്ങൾ പരിഹരിക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മറുനാടൻ മലയാളികളുടെ തൊഴിലും ജീവിതസുരക്ഷയും ഉറപ്പാക്കുന്നതിനും അവരുടെ കൃത്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനും കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ആവശ്യമായ സംവിധാനമേർപ്പെടുത്തുന്നതാണ്. വൻനഗരങ്ങളിൽ നോർക്കയുടെ പ്രവർത്തനം വിപുലീകരിക്കുന്ന കാര്യം പരിശോധിക്കുന്നതോടൊപ്പം മുംബൈ കേരളാ ഹൗസിന്റെ സൗകര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതുമാണ്.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിരുന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## IV സബ്മിഷൻ

### (1) പറമ്പിക്കുളം -ആളിയാർ നദീജല കരാർ

ശ്രീ. ബി. ഡി. ദേവസ്സി: പറമ്പിക്കുളം-ആളിയാർ നദീജല കരാർ പ്രകാരമുള്ള വെള്ളം തമിഴ്നാട്ടിൽനിന്നും വിട്ടുകിട്ടുന്നതിനും കാലാനുസൃതമായി കരാർ പുതുക്കി നിശ്ചയിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പറമ്പിക്കുളം-ആളിയാർ നദീജല കരാർ പുനരവലോകനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ നടന്നുവെങ്കിലും അധികജലം പങ്കുവയ്ക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ പരസ്പര

ധാരണയിലെത്തിച്ചേരാൻ ഇരുസംസ്ഥാനങ്ങൾക്കും കഴിഞ്ഞിട്ടില്ല. കരാർ പ്രകാരം ചാലക്കുടി നദീതടത്തിൽനിന്നും ഓരോ ജലവർഷവും 12.3 ടി എം സി ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. കേരള ഷോളയാർ പവർഹൗസിലെ ജലവിതാനം ഒരു ജലവർഷം നിശ്ചിത തീയതികളിൽ 2663 അടിയിൽ നിർത്തണമെന്നാണ് വ്യവസ്ഥയെങ്കിലും 2016 സെപ്റ്റംബർ 1-ന് ജലവിതാനം 2651.4 അടിയിൽ എത്തിക്കുവാൻ മാത്രമേ തമിഴ്നാടിന് സാധിച്ചിട്ടുള്ളൂ. ഷോളയാർ പവർഹൗസ്-2 തുടർച്ചയായി പ്രവർത്തിപ്പിക്കണമെന്നും പവർഹൗസ്-1-ന്റെ പ്രവർത്തനം നിയന്ത്രിച്ച് പരമാവധി ജലം കേരള ഷോളയാർ പവർഹൗസിൽ എത്തിച്ച് കരാർ പ്രകാരമുള്ള അളവിൽ ജലനിരപ്പ് എത്തിക്കണമെന്നും തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (2) <u>മുൻസിഫ് മജിസ്ട്രേറ്റ് കോടതി</u>

<u>ശ്രീ. കാരാട്ട് റസാഖ്</u> : താമരശ്ശേരിയിൽ മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): നിലവിലുണ്ടായിരുന്ന 15 തസ്തികകൾ നിലനിർത്തി അധിക തസ്തികകൾ സൃഷ്ടിക്കുകയില്ലായെന്ന വ്യവസ്ഥയിൽ താമരശ്ശേരി ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി -II- നെ മുൻസിഫ്

കോടതിയാക്കി ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും കോടതി പ്രവർത്തനം ആരംഭിക്കുന്നതിനായി 27 തസ്തികകളെങ്കിലും കൂടുതൽ അനുവദിക്കണമെന്ന് ഹൈക്കോടതി രജിസ്ട്രാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 8 തസ്തികകൾകൂടി അനുവദിച്ചിട്ടുണ്ട്. കോടതിയുടെ സുഗമമായ പ്രവർത്തനത്തിനും കെട്ടിക്കിടക്കുന്ന കേസുകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനും 19 തസ്തികകൾകൂടി അനുവദിക്കണമെന്ന ഹൈക്കോടതി രജിസ്ട്രാറുടെ ശിപാർശ പരിശോധിച്ച് മുൻസിഫ് കോടതി പ്രാവർത്തികമാക്കുന്നതിന് മുൻഗണന നൽകുന്നതാണ്.

(3) വയൽ കമ്മിറ്റി പുനഃസ്ഥാപിക്കൽ

ശ്രീ. സി. കൃഷ്ണൻ: ഭവനനിർമ്മാണത്തിന് അനുമതി നൽകുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളിലുണ്ടായിരുന്ന വയൽ കമ്മിറ്റി പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 2008 -ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുൻപ് നികന്നതോ നികത്തപ്പെട്ടതോ ആയ നെൽവയലുകൾ റെഗുലറൈസ് ചെയ്യുന്നതിനായി കൊണ്ടുവന്ന 3 (എ) ഭേദഗതി പിൻവലിക്കുന്നതോടെ ഡാറ്റാബാങ്കിലുൾപ്പെട്ട നെൽവയൽ ഉടമസ്ഥർക്ക് വീടുവയ്ക്കുന്നതിനായി പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ 5 സെന്റും

നെൽവയൽ നികത്തുന്നതിന് പ്രാദേശിക കമ്മിറ്റികളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർക്ക് അനുമതി നൽകാവുന്നതാണ്. നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി പുറപ്പെടുവിച്ച നിയമത്തിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വ്യവസ്ഥകൾ പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്.

(4) കടൽഭിത്തി നിർമ്മാണം

ശ്രീമതി ഗീതാ ഗോപി: കടൽക്ഷോഭം രൂക്ഷമായ നാട്ടിക, കയ്പമംഗലം തീരപ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു. ടി. തോമസ്): നാട്ടിക മണ്ഡലത്തിൽ ചിലങ്ക ബീച്ച് മുതൽ തമ്പാൻ കടവുവരെ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്. അഴിക്കോട് മുതൽ കയ്പമംഗലം വരെയുള്ള തീരപ്രദേശത്തെ കടൽഭിത്തി പുനർനിർമ്മാണത്തിന് ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്നും തൃപ്തികരമായ പ്രതികരണം ലഭിക്കാത്തതിനാൽ ടെണ്ടർ റദ്ദുചെയ്ത് എസ്റ്റിമേറ്റ് പുനഃസമർപ്പണം ചെയ്തിരിക്കുകയാണ്. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയ 13 പ്രവൃത്തികളുടെ എസ്റ്റിമേറ്റ്

തയ്യാറാക്കിവരികയാണ്.

## (5) നാളികേര സംഭരണം

ശ്രീ. കെ. കുഞ്ഞിരാമൻ: കൃഷിഭവൻ വഴിയുള്ള നാളികേര സംഭരണം പുനഃസ്ഥാപിക്കുന്നതിനും കുടിശ്ശികയിനത്തിൽ കേരകർഷകർക്ക് നൽകാനുള്ള തുക ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): കേരഫെഡിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 380 കൃഷിഭവനുകൾ മുഖേന പച്ചത്തേങ്ങ സംഭരണ പദ്ധതി നടപ്പിലാക്കിയതോടൊപ്പം നാഫെഡിന്റെ സഹായത്തോടെ കൊപ്ര സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നാളികേര വികസന ബോർഡിനുകീഴിലുള്ള നാളികേര ഉല്പാദന കമ്പനികളെക്കൂടി സംഭരണത്തിന് ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിച്ചുവരികയാണ്. സംഭരിക്കുന്ന നാളികേരം കൊപ്രയാക്കി മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുകയോ നാഫെഡിന് കൈമാറുകയോ ചെയ്ത് സംഭരണം ഊർജ്ജിതപ്പെടുത്താനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. പച്ചത്തേങ്ങ സംഭരണത്തിൽ കുടിശ്ശികയിനത്തിൽ കൊടുക്കാനുള്ള 56 കോടി രൂപ കർഷകർക്ക് നൽകുകയും ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് സർക്കാർ ഗ്യാരണ്ടിയോടെ വായ്പയെടുത്ത് കേരകർഷകരുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് കേരഫെഡ് മുന്തിയ പരിഗണന

നൽകുന്നതുമാണ്. നാളികേര സംഭരണവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പാകപ്പിഴകൾ കൃത്യസമയത്തുതന്നെ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(6) അദ്ധ്യാപക നിയമനം

ശ്രീ. ആർ. രാമചന്ദ്രൻ: കരുനാഗപ്പള്ളി ഗവ. ഹയർ സെക്കന്ററി സ്കൂളിൽ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കുന്നതിനും അദ്ധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണ്ണയം നടക്കാതിരുന്നതിനാലാണ് കരുനാഗപ്പള്ളി ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ കുട്ടികളുടെ എണ്ണത്തിനാനുപാതികമായി അദ്ധ്യാപകരെ അനുവദിക്കാൻ കഴിയാതിരുന്നത്. പഠനാവശ്യങ്ങൾ നിറവേറ്റുന്നതിനായി 2015-16-ൽ എയ്ഡഡ് സ്കൂളുകളിൽ നിന്നുള്ള 15 സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിപ്പിച്ച് അദ്ധ്യാപക ക്ഷാമം പരിഹരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഒഴിവുകളിലേക്ക് അടിയന്തരമായി അദ്ധ്യാപകരെ നിയമിക്കാൻ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ

മേശപ്പുറത്തുവച്ചു.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് കാര്യവിവരപ്പട്ടികയിലെ നാലാമത്തെ ഇനമായ അനൗദ്യോഗികാംഗങ്ങളുടെ കാര്യം റദ്ദ് ചെയ്തു.)

(സഭ രാവിലെ 11.09-ന് പിരിഞ്ഞു.)

* * * * * * * * * *